(ബി) മാഹിയിലെ നികുതിക്കുറവ് കേരളത്തിന് ദോഷകരമായി ബാധിക്കുന്ന വിവരം കേന്ദ്രത്തെ അറിയിച്ച് ശക്തമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിലേയ്ക്ക് അനധികൃതമായി സാധനങ്ങൾ കടത്തിക്കൊണ്ടുവന്ന് വ്യാപാരം നടത്തുന്നതു തടയാൻ വിൽപ്പന നികുതി ചെക്ക് പോസ്റ്റുകൾ ഊർജ്ജിതമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ വിൽപ്പനനികുതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻറലിജൻസ് സ്ക്വാഡുകളും ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) മാഹി, പോണ്ടിച്ചേരി മുതലായ കേന്ദ്രഭരണ പ്രദേശങ്ങളിൽ വിൽപ്പന നികുതി നിരക്ക് കുറയ്ക്കുന്നത് കേരളത്തിലെയും മറ്റു അയൽ സംസ്ഥാനങ്ങളിലെയും വ്യാപാരത്തെയും നികുതി വരുമാനത്തെയും ദോഷകരമായി ബാധിക്കുന്ന കാര്യം സെയിൽസ് ടാക്സ് റീജിയണൽ കൗൺസിലിൽ ഉന്നയിക്കുകയും സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും നികുതി നിരക്ക് ഏകീകരിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ പ്രശ്നം കേന്ദ്ര ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ വെളിച്ചത്തിൽ ബന്ധപ്പെട്ട എല്ലാവരുമായി ആലോചിച്ച് പ്രശ്നം പരിഹരിക്കുവാൻ കേന്ദ്ര ഗവൺമെൻറ് നടപടി സ്വീകരിക്കുന്നുണ്ടെന്നാണ് അറിയുന്നത്.

തൊഴിലില്ലായ്മ വേതന കുടിശ്ശിക

571 [608] ശ്രീ. കെ.സി.ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹം കഴിച്ചവർക്കുള്ള ധനസഹായം, തൊഴിലില്ലായ്മ വേതനം എന്നീ ഇനങ്ങളിൽ 1986 മാർച്ച് 31 വരെ നൽകാനുള്ള കുടിശ്ശിക എത്രരൂപ വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കുടിശ്ശിക എന്നത്തേയ്ക്ക് നൽകുവാൻ കഴിയും?

ഉത്തരം

(എ) തൊഴിലില്ലായ്മ വേതനം ഇനത്തിൽ 1986 മാർച്ച് 31 വരെ ഏകദേശം 4 കോടി രൂപ കുടിശ്ശികയുണ്ടായിരുന്നു. മിശ്രവിവാഹം കഴിച്ചവർക്കുള്ള ധനസഹായ കുടിശ്ശികയെ സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) കുടിശ്ശിക 1–4–1986 മുതൽ വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly